**ശ്രദ്ധ ക്ഷണിക്കൽ**

(1) സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം

ശ്രീ. ജോബ് മൈക്കിൾ: സർ, സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളിൽ സമ്പാദ്യശീലം പ്രോത്സാഹിപ്പിക്കുന്നതിന് കേന്ദ്രസർക്കാർ നടപ്പാക്കിവന്നിരുന്ന 'സഞ്ചയിക സമ്പാദ്യ പദ്ധതി' 2015-ൽ നിർത്തലാക്കിയപ്പോൾ 'സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം' എന്ന പേരിൽ സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതി, സംസ്ഥാനത്തെ ഭൂരിഭാഗം സർക്കാർ-എയ്ഡഡ് സ്കൂളുകളിലും നടപ്പാക്കുന്നില്ല. സഞ്ചയിക സമ്പാദ്യ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരുന്ന അതേ മാനദണ്ഡങ്ങൾ നിലനിർത്തിക്കൊണ്ട് വിദ്യാർത്ഥികളിൽനിന്ന് സേവിംഗ്സ് ആയി ലഭിക്കുന്ന തുക അതാത് സ്കൂളുകളിൽ സഞ്ചയിക ട്രഷറി സേവിംഗ്സ് അക്കൗണ്ട് ആരംഭിച്ച് അതിൽ നിക്ഷേപിക്കുകയും സ്കൂൾ കാലാവധി കഴിഞ്ഞ് വിദ്യാർത്ഥികൾ ആവശ്യപ്പെടുമ്പോൾ പലിശയോടുകൂടി തുക തിരികെ നൽകുന്ന പദ്ധതിയാണ് ഭൂരിഭാഗം സ്കൂളുകളും നടപ്പിലാക്കിയത്. സംസ്ഥാനത്ത് 5995 സർക്കാർ സ്കൂളുകളും 8210 എയ്ഡഡ് സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ, കേവലം 410 സ്കൂളുകളിൽ മാത്രമാണ്

നിലവിൽ പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ആലപ്പുഴ, വയനാട് ജില്ലകളിലെ നൂറോളം സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കി. കോട്ടയം, തിരുവനന്തപുരം, പത്തനംതിട്ട ജില്ലകളിൽ രണ്ട് സ്കൂളുകളിൽ മാത്രമാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. സഞ്ചയിക സമ്പാദ്യ പദ്ധതി നിർത്തലാക്കുമ്പോൾ പ്രസ്തുത പദ്ധതിയിൽ ഏകദേശം ഒരു ലക്ഷം വിദ്യാർത്ഥികൾ അംഗങ്ങളായിരുന്നു. കൂടാതെ, മൂന്ന് കോടി രൂപയോളം നിക്ഷേപവുമുണ്ടായിരുന്നു. എന്നാൽ, സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീമിൽ അംഗങ്ങളായ വിദ്യാർത്ഥികൾ അമ്പതിനായിരത്തിൽ താഴെയായിരുന്നു. ഇതിൽനിന്ന് ഏകദേശം രണ്ടരക്കോടി രൂപ ട്രഷറി നിക്ഷേപം ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പാക്കണമെന്ന് നിർബന്ധമില്ലെന്ന കാരണം പറഞ്ഞാണ് ഭൂരിഭാഗം സ്കൂളുകളും പദ്ധതി നടപ്പിലാക്കാത്തത്. സംസ്ഥാനത്തെ സർക്കാർ-എയ്ഡഡ് സ്കൂളുകളിലായി 37 ലക്ഷത്തിലധികം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ടി പദ്ധതി എല്ലാ സ്കൂളുകളിലും നടപ്പാക്കിയാൽ വലിയ ഒരു തുക ട്രഷറി നിക്ഷേപമായി ലഭിക്കും. ഇത് സ്കൂളിന്റെ വികസനത്തിനും വിദ്യാർത്ഥികളുടെ ഉപരിപഠനത്തിനും സഹായകമാകുന്ന പദ്ധതിയാണ്. എല്ലാ സർക്കാർ-എയ്ഡഡ് സ്കൂളുകളിലും പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന്

കർശനമായ നിർദ്ദേശം നൽകണമെന്നാണ് ശ്രദ്ധ ക്ഷണിക്കൽ പ്രമേയത്തിലൂടെ ഞാൻ ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നത്.

(ശ്രീ. വി. ശിവൻകുട്ടി)

P-13-02-2024
എ.എൽ.-എസ്.ആർ
10.50-11.00

## സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, കേന്ദ്ര സർക്കാർ 'സഞ്ചയിക സമ്പാദ്യ പദ്ധതി' നിർത്തലാക്കിയ സാഹചര്യത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിക്കൊണ്ടിരുന്ന അതേ മാനദണ്ഡങ്ങൾ നിലനിർത്തിക്കൊണ്ട് സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം എന്ന പേരിൽ പുനർനാമകരണം ചെയ്തുകൊണ്ട് ധനകാര്യ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് 29-10-2022-ലെ G.O.(P)No.132/2022/Fin സർക്കാർ ഉത്തരവ് പ്രകാരം പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇത് സ്കൂൾ തലത്തിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഭരണപരമായ ചില കാര്യങ്ങളും പ്രസ്തുത മാർഗ്ഗനിർദ്ദേശത്തിൽ പരാമർശിച്ചിട്ടുണ്ട്. ഉദാഹരണത്തിന് സമ്പാദ്യ പദ്ധതി ആരംഭിക്കുന്നതിന് സ്കൂളിൽ ട്രസ്റ്റ് ആരംഭിക്കണമെന്നും പദ്ധതി നടത്തിപ്പിന്റെ ഉത്തരവാദിത്വമുള്ള അദ്ധ്യാപകന് ഇൻസെന്റീവ് നൽകണമെന്നുമുള്ള നിർദ്ദേശങ്ങൾ മാർഗ്ഗനിർദ്ദേശത്തിൽ ഉത്തരവായിട്ടുണ്ട്. വിദ്യാർത്ഥികളിൽ സമ്പാദ്യശീലം വളർത്തുന്നതിനായി ആരംഭിച്ച സ്റ്റുഡന്റ്സ്

സേവിംഗ്സ് സ്കീം എന്ന പേരിലുള്ള ഈ സമ്പാദ്യ പദ്ധതി സ്കൂളുകളിൽ നല്ലരീതിയിൽ നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. സമ്പാദ്യ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പ് പരിശോധിച്ചുവരികയാണ്. ആയതിനാൽ, വിദ്യാർത്ഥികളുടെ സമ്പാദ്യപദ്ധതി കൂടുതൽ ആകർഷണീയമാക്കാനും കൂടുതൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുമായി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. ജോബ് മൈക്കിൾ</u>: സർ, സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കിയാൽ കേരളത്തിന്റെ ട്രഷറിയിലേയ്ക്ക് കോടിക്കണക്കിന് രൂപ വരാൻ സാധ്യതയുണ്ട്. പ്രസ്തുത പദ്ധതി അടിയന്തരമായി എല്ലാ സ്കൂളുകളിലും നടപ്പാക്കാൻ അങ്ങ് നിർദ്ദേശം നൽകുമോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ഇപ്പോൾ അവതരിപ്പിച്ച ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, വിദ്യാലയങ്ങളുടെ അടിസ്ഥാനത്തിലും വിദ്യാഭ്യാസ ഡയറക്ടറുടെ നേതൃത്വത്തിലും ഫണ്ടുകൾ സ്വരൂപിക്കുന്നത് സംബന്ധിച്ച് ചില നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസം

ശക്തിപ്പെടുത്തുന്നതിന് നിലവിലുള്ള നോൺ ഗവൺമെന്റൽ ഓർഗനൈസേഷൻസ് പി.ടി.എ., മദർ പി.ടി.എ. എന്നിവയാണ്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായവും ലഭിക്കുന്നുണ്ട്. സർക്കാരിന്റെ പരിഗണനയിലുള്ളതും ബഡ്ജറ്റിൽ പ്രഖ്യാപിച്ചതുപോലെ സ്കൂൾ നിലവാരത്തിലും ഒരു ഫണ്ട് സ്വരൂപിക്കുന്നതിനുവേണ്ടിയുള്ള സംവിധാനങ്ങൾ ഉണ്ടാക്കേണ്ടതുണ്ട്. അതിന് സി.എസ്.ആർ. ഫണ്ട് പ്രയോജനപ്പെടുത്തുകയും സന്മനസ്സുള്ളവരുടെ സഹായം സ്വീകരിക്കുകയും ചെയ്യാം. നിലവിൽ എല്ലാ വിദ്യാലയങ്ങളിലും പൂർവ്വ-വിദ്യാർത്ഥി സംഘടനകൾ സജീവമാണ്. വിദ്യാലയങ്ങളിൽ മാത്രമല്ല, ക്ലാസ് അടിസ്ഥാനത്തിലും അവർ സംഘടിക്കുകയാണ്. സ്കൂളുകൾക്ക് ആവശ്യമായ ഫണ്ട് നൽകാൻ അവർ തയ്യാറാണ്. ഇക്കാര്യങ്ങൾ പരിഗണിച്ചുകൊണ്ട് സ്കൂൾ അടിസ്ഥാനത്തിൽ ഫണ്ട് ശേഖരിക്കുന്നതിനും വിദ്യാർത്ഥികൾ ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ആഴ്ചയിലൊരിക്കൽ സ്കൂളിൽ വിൽപന നടത്താനുള്ള സൗകര്യമൊരുക്കി ഓരോ വിദ്യാർത്ഥിക്കും വ്യക്തിപരമായി അതിന്റെ ലാഭം ലഭിക്കാനുമുള്ള സംവിധാനം ഒരുക്കുകയും ചെയ്യുന്നതാണ്. സ്കൂൾ അടിസ്ഥാനത്തിലും വിദ്യാഭ്യാസ ഡയറക്ടറുടെ നേതൃത്വത്തിലും ഫണ്ട്

രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇക്കാര്യം ബഡ്ജറ്റിലും നിർദ്ദേശിച്ചിട്ടുണ്ട്.

## (2) എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ എസ്.സി.-എസ്.ടി. പ്രാതിനിധ്യം ഉറപ്പാക്കൽ

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ ഈ സബ്ജക്ട് ശ്രദ്ധക്ഷിക്കലായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കാണ് നോട്ടീസ് നൽകിയിരുന്നത്. പക്ഷേ അദ്ദേഹമല്ല മറുപടി പറയുന്നത്.

കേരളം സാമൂഹിക വിദ്യാഭ്യാസ മേഖലകളിൽ വലിയ മുന്നേറ്റമുണ്ടാക്കി. വൈക്കം സത്യാഗ്രഹത്തിന്റെ നൂറാം വാർഷികം നമ്മൾ ആഘോഷിച്ചു. ആരാധനാലയങ്ങളിലും സ്കൂളുകളിലുമെല്ലാം പഠിക്കാനുള്ള അവകാശം ഒട്ടനവധി പോരാട്ടങ്ങളിലൂടെ നേടിയെടുത്തതാണ്. ഇന്ന് പ്രബുദ്ധകേരളം എന്ന് അവകാശപ്പെടുന്ന നമ്മുടെ നാട്ടിൽ യഥാർത്ഥത്തിൽ അമ്പലങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമൊക്കെ കയറാൻ അവകാശം ലഭിച്ചുവെങ്കിലും പട്ടിക ജാതി-വർഗ്ഗ വിഭാഗത്തിന് കേരളത്തിലെ എയ്ഡഡ് കോളേജുകളിൽ നിയമനങ്ങൾ നൽകുന്ന കാര്യത്തിൽ ഇപ്പോഴും തൊട്ടുകൂടായ്മ നിലനിൽക്കുന്നത് വളരെ ഗൗരവകരമായ പ്രശ്നമാണ്. പ്രബുദ്ധ കേരളീയ

സമൂഹത്തിന് അപമാനകരമായ ഒരു കാര്യമാണിത്. എന്റെ കൈയ്യിലുള്ളത് ജനുവരി 30-ാം തീയതിയിലെ മാതൃഭൂമി പത്രമാണ്. 'ജാതിസം' എന്നാണ് തലക്കെട്ട്. ഇന്ത്യയിൽ നോർത്ത് ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിലനിൽക്കുന്ന ജാതിസത്തെക്കുറിച്ചല്ല പറയുന്നത് മറിച്ച്, കേരളത്തിലെ എയ്ഡഡ് നിയമനങ്ങളിൽ നിലനിൽക്കുന്ന ജാതിസത്തെക്കുറിച്ചാണ് മാതൃഭൂമിയിൽ പറയുന്നത്. കേരളത്തിൽ നടക്കുന്ന കാര്യങ്ങൾ അത്ഭുതപ്പെടുത്തുന്നതാണ്. ആകെ 8128 എയ്ഡഡ് സ്ഥാപനങ്ങൾ, 129653 അദ്ധ്യാപകർ, 14700 അനദ്ധ്യാപകർ, എന്നാൽ പട്ടിക ജാതി/വർഗ്ഗത്തിൽപെട്ടവർ വെറും 500 പേർ മാത്രമാണ്. അതായത് ആകെ 0.38 ശതമാനം മാത്രം. 150 ആർട്സ് ആൻഡ് സയൻസ് കോളേജുകൾ, 8233 അദ്ധ്യാപകർ, 3725 അനദ്ധ്യാപകർ, എന്നാൽ പട്ടിക ജാതി/വർഗ്ഗത്തിൽപെട്ട 65 പേർ മാത്രം, അതായത് 0.54 ശതമാനം. അവിടെയാണ് ജാതിമുക്ത-പ്രബുദ്ധ കേരളം എന്നൊക്കെ നമ്മൾ അഭിമാനിക്കുന്നത്. കേരളത്തിലെ റവന്യൂ റെസീപ്റ്റിന്റെ 14 ശതമാനം ശമ്പളമായും പെൻഷനായും കൊടുക്കുന്നത് എയ്ഡഡ് മേഖലയിലാണ്. അവിടെ നടക്കുന്ന ഈ കാര്യങ്ങൾ എങ്ങനെ തടയാൻ സാധിക്കുമെന്ന്

ആലോചിക്കണം. മാതൃഭൂമിയിൽ പറയുന്ന ഒരു കാര്യമുണ്ട്, മാനേജുമെന്റുകൾ തങ്ങളുടെ ജാതിയിലും മതത്തിലുംപെട്ട ഉദ്യോഗാർത്ഥികളെ മാത്രം നിയമിക്കുന്ന സാഹചര്യത്തിൽ തൊഴിലിടങ്ങളിലെ ജാതിരഹിത-മതേതര അന്തരീക്ഷത്തിനുകൂടിയാണ് പോറലേൽക്കുന്നത്. ജാതിമുക്ത കേരളം എന്ന് നാം നെഞ്ചുവിരിച്ച് പറയുമ്പോഴും സംസ്ഥാനത്ത് അദൃശ്യമായി ജാതി എങ്ങനെ പ്രവർത്തിക്കുന്നു എന്നതിന്റെ ഉദാഹരണം കൂടിയാണിത്. നമുക്ക് എങ്ങനെയാണ് കേരളത്തെ ഒരു പ്രബുദ്ധ കേരളം എന്ന് പറയാൻ കഴിയുക. അതുകൊണ്ട് മാറിമാറി വരുന്ന സർക്കാരുകൾ ഇക്കാര്യത്തിൽ കാണിക്കുന്ന മൗനം അവസാനിപ്പിക്കണം. കേരളത്തിലെ എയ്ഡഡ് സ്ഥാപനങ്ങൾ യു.ജി.സി. ചോദിക്കുമ്പോൾ അവർ കൊടുക്കുന്ന മറുപടി, ആവശ്യത്തിന് ആളുകളെ ലഭ്യമാകാനില്ല എന്നാണ്. കേരളത്തിൽ പി.എച്ച്.ഡി., എം.ഫിൽ. യോഗ്യതയുള്ള ഏകദേശം 8352 പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും ബി.എഡ്., ടി.ടി.സി. പാസായ പതിനായിക്കണക്കിന് ആളുകളുമുണ്ട്. എന്നിട്ടും എയ്ഡഡ് സ്ഥാപനങ്ങളുടെ നിയമനങ്ങൾ വരുമ്പോൾ ഇവർക്ക് കടക്കാൻ കഴിയാത്ത സാഹചര്യമാണ്. ഇത് സർക്കാർ ഗൗരവത്തോടുകൂടി കാണേണ്ട കാര്യമാണ്.

അതിനാവശ്യമായ ശക്തമായ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

## എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എസ്.സി/എസ്.ടി. പ്രാതിനിധ്യം ഉറപ്പാക്കൽ

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഇവിടെ ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിച്ച ശ്രീ. എ. പി. അനിൽകുമാർ സൂചിപ്പിച്ച കണക്കുകളെക്കുറിച്ചൊന്നും ഞാൻ ആവർത്തിക്കുന്നില്ല. നമ്മുടെ സംസ്ഥാനത്ത് എയ്ഡഡ് സ്കൂളുകളിലും കോളേജുകളിലും സംവരണം നടപ്പാക്കണമെന്നാണ് അദ്ദേഹം ഉന്നയിച്ചത്. ഒരു കാര്യം അങ്ങ് ഓർക്കുന്നത് നല്ലതാണ്. ആരാണ് എയ്ഡഡ് സെക്ടറുകളിൽ അൺടച്ചബിലിറ്റി ഏർപ്പെടുത്തിയതെന്നും ആരാണ് അൺടച്ചബിലിറ്റി ഇല്ലാതാക്കാൻ ശ്രമിച്ചതെന്നും പരിശോധിക്കുന്നത് നല്ലതാണ്. 1957-ൽ അധികാരത്തിൽ വന്ന ഗവൺമെന്റ് വിദ്യാഭ്യാസ രംഗത്ത് വലിയ പരിഷ്കാരം കൊണ്ടുവരാൻ തീരുമാനിച്ചു. വിദ്യാർത്ഥികളുടെ അഡ്മിഷനുകളിലും അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും നിയമനങ്ങളിലും സംവരണ തത്വം പാലിക്കണമെന്നും നിയമനം പി.എസ്.സി. വഴിയായിരിക്കണമെന്നും

അന്നത്തെ വിദ്യാഭ്യാസ പരിഷ്കരണ നിയമത്തിൽ വ്യക്തമായി സൂചിപ്പിച്ചിരുന്നു. ആ നിയമം നമ്മുടെ നാട്ടിൽ നടപ്പാക്കുന്നതിനെതിരെ വലിയ പ്രക്ഷോഭങ്ങൾ നടത്തിയാണ് അന്നത്തെ ഗവൺമെന്റിനെ തകർത്തത്. ആ ഗവൺമെന്റിനെ തകർത്ത് 1960-ൽ അധികാരത്തിൽ വന്ന പട്ടം താണുപിള്ളയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ് ഗവൺമെന്റ് ആദ്യം ആ നിയമത്തിലെ സെക്ഷൻ 36 എടുത്തുകളയുകയാണ് ചെയ്തത്. സെക്ഷൻ 36-ൽ വ്യക്തമാക്കിയിരുന്നത് അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും നിയമനം പി.എസ്.സി. മുഖേന നടത്തണമെന്നാണ്. ഒരുപക്ഷെ ആ നിയമ ഭേദഗതി കൊണ്ടുവന്ന് സെക്ഷൻ 36 എടുത്ത് കളയാതിരുന്നുവെങ്കിൽ അങ്ങ് പറയുന്ന അൺടച്ചബിലിറ്റി ഈ മേഖലയിൽ ഉണ്ടാകുമായിരുന്നില്ല. അതിന്റെ ഉത്തരവാദിത്വം നമുക്കുകൂടിയുണ്ടെന്ന് തിരിച്ചറിയണം. അക്കാര്യം നിങ്ങൾ മനസ്സിലാക്കണം. അൺടച്ചബിലിറ്റി ഇല്ലാതാക്കാൻ ശ്രമിച്ചപ്പോൾ വീണ്ടും അൺടച്ചബിലിറ്റി കൊണ്ടുവന്നത് ആരാണെന്ന് ഓർമ്മപ്പെടുത്താൻ വേണ്ടിയാണ് ഇത്രയും കാര്യം ഞാൻ സൂചിപ്പിച്ചത്. തീർച്ചയായും അങ്ങ് പറഞ്ഞ കണക്കുകളെല്ലാം ശരിയാണ്. ഇവിടെ 1,21,000-ൽപ്പരം സ്കൂൾ അദ്ധ്യാപകരും അനദ്ധ്യാപകരും ഉണ്ട്. അതിന്റെ 0.5 ശതമാനം അല്ലെങ്കിൽ

500 പേർ മാത്രമെ ആ വിഭാഗത്തിൽനിന്നുമുള്ളൂവെന്ന കാര്യം ശരിയാണ്. അതോടൊപ്പം അദ്ധ്യാപകരിലും വളരെ കുറഞ്ഞ ശതമാനം മാത്രമാണ് എസ്.സി./എസ്.ടി. വിഭാഗങ്ങളിൽനിന്നും നിയമിതരായിട്ടുള്ളത്. അതിന് പരിഹാരമുണ്ടാക്കണമെന്നാണ് അങ്ങ് സൂചിപ്പിച്ചത്. അതുമായി ബന്ധപ്പെട്ട്, യു.ജി.സി. ഒരു ഗൈഡ്‌ലൈൻ ഇറക്കിയിരുന്നു. യു.ജി.സി.-യുടെ ഗൈഡ്‌ലൈൻ പ്രകാരം അദ്ധ്യാപക നിയമനത്തിൽ സംവരണം പാലിക്കണമെന്ന് പറഞ്ഞെങ്കിലും അതിനെതിരെ ഇവിടത്തെ സ്വകാര്യ മാനേജ്മെന്റുകൾ കോടതിയെ സമീപിക്കുകയുണ്ടായി. കോടതി സ്വകാര്യ മാനേജ്മെന്റുകൾക്ക് അനുകൂലമായി വിധിയാണ് പുറപ്പെടുവിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് സുപ്രീംകോടതി മുമ്പാകെ റിട്ട് പെറ്റീഷൻ സമർപ്പിച്ചിരുന്നു. ഹൈക്കോടതിയിൽനിന്നും മാനേജ്മെന്റിന് അനുകൂലമായ വിധി ഉണ്ടായതുകൊണ്ടാണ് സ്വകാര്യ മേഖലയിൽ അല്ലെങ്കിൽ എയ്ഡഡ് സെക്ടറിൽ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും നിയമനത്തിൽ സംവരണം വേണമെന്നാവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന ഗവൺമെന്റുതന്നെ സുപ്രീംകോടതിയെ സമീപിച്ചത്. ഇപ്പോൾ സുപ്രീംകോടതിയിൽ ആ കേസ്

നിലനിൽക്കുകയാണ്. ആ കേസ്സിന്റെ വിധി വരുന്നതനുസരിച്ച് ഈ സെക്ടറിൽ എന്ത് ചെയ്യാൻ കഴിയുമെന്ന് പരിശോധിച്ച് അത്തരത്തിൽ കാര്യങ്ങൾ നടപ്പാക്കുന്നതാണ്. എയ്ഡഡ് സെക്ടറിലും സ്വകാര്യ മേഖലയിലുമെല്ലാംതന്നെ നിയമനം വേണമെന്ന് വാദിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയം കൊണ്ടുവന്നിട്ടുള്ളത്. എല്ലാ സെക്ടറിലും നിയമനം ഉണ്ടാകണം; അത് നടപ്പാക്കുന്നതിനുള്ള ഇടപെടലും മറ്റും സുപ്രീംകോടതിയുടെ വിധി വന്നതിനുശേഷം നടത്തുന്നതാണ്.

ശ്രീ. എ. പി. അനിൽകുമാർ: സർ, ഇതുപോലെ മറ്റൊരാവശ്യമാണ് ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് സംവരണമേർപ്പെടുത്തണമെന്നത്. അക്കാര്യത്തെക്കുറിച്ച് അങ്ങേയ്ക്കും അറിയാവുന്നതാണ്. അത്തരം നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാതെതന്നെ മാനേജ്മെന്റുകൾക്ക് നിയമനം നടത്താമെന്ന നിർദ്ദേശം ഹൈക്കോടതി നൽകിയിരിക്കുകയാണ്. അവിടെ പ്രശ്നം വരുന്നത് നിയമനം പി.എസ്.സി.-ക്ക് വിടുമ്പോഴാണ്. മാനേജ്മെന്റിന്റെ അധികാരം നിലനിർത്തിക്കൊണ്ടുതന്നെ ഇത്തരം ആവശ്യം ഉന്നയിക്കാവുന്നതാണ്. സ്വാഭാവികമായും ഭിന്നശേഷി

വിഭാഗത്തിൽപ്പെട്ടവർക്ക് ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം ഇപ്പോൾ എല്ലാ സ്ഥാപനങ്ങളിലും നിമയനം നടത്തിക്കൊണ്ടിരിക്കുകയാണ്. ആ രീതി പിന്തുടരാവുന്നതാണ്. ദേവസ്വം ബോർഡുകളുടെ കീഴിലുള്ള കേളേജുകൾ യഥാർത്ഥത്തിൽ എയ്ഡഡ് സെക്ടറിൽ ഉൾപ്പെടുന്നവയല്ല, ഗവൺമെന്റിന്റെ എക്സ്റ്റൻഷൻ ആയിട്ടുള്ള സ്ഥാപനങ്ങളാണ്. അത്തരം സ്ഥാപനങ്ങളിൽ എന്തുകൊണ്ടാണ് നിയമനങ്ങളിൽ സംവരണം നടപ്പാക്കാൻ കഴിയാത്തത്; അതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ദേവസ്വം ബോർഡുകളിലെ മിനിസ്റ്റീരിയൽ സെക്ടറിൽ സംവരണം നടപ്പാക്കിയിട്ടുണ്ട്. എന്തായാലും നിലവിൽ സുപ്രീംകോടതിയിൽ എസ്.എൽ.പി. നിലനിൽക്കുകയാണ്. അതിന്റെ വിധി വന്നതിനുശേഷം ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കാവുന്നതാണ്.